22/11/21...


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


ഹർജി നമ്പർ **CP No. 1183(2)/2019/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നമ്പർ: 19967/SIC-G6/2019 )**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ശ്രീധരൻ നമ്പ്യാർ,
പാഞ്ചജന്യം, പടന്നോട്ടുമെട്ട,
മുണ്ടേരി(പി.ഒ),
കണ്ണൂർ -670 591. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
പട്ടാന്നൂർ വില്ലേജ് ഓഫീസ്,
കണ്ണൂർ. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 02/05/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01/06/2019 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 05/12/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 05/12/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13/02/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 03/03/2020 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി :<br>സ്ഥലം : | 27/10/2021<br>ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, കണ്ണൂർ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ശ്രീധരൻ നമ്പ്യാർ, 05/12/2019 തീയതി സമർപ്പിച്ച പരാതി ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 1183(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി വിവരം നിഷേധിച്ചുകൊണ്ടുള്ള മറുപടിയാണ് ലഭ്യമാക്കിയത് എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 02/05/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. പട്ടാന്നൂർ അംശം കുണ്ടോത്ത് ദേശത്ത് റിസ. 86/2 ൽ 2018-19 വർഷം ഭൂനികുതി അടച്ചവരുടെ പേരും വിസ്തീർണ്ണവും
2. ചേണിശ്ശേരി ലക്ഷ്മിയമ്മ റിസ.86/2 ൽ 15 സെന്റ് സ്ഥലം കയ്വശം വെച്ചു വന്നിരുന്നുവെന്നും 07/08/2017 തീയതി ലക്ഷ്മിയമ്മ മരണപ്പെട്ടതിനാൽ തുടർന്ന് ആരുടെ പേരിലാണ് മേൽപ്പറഞ്ഞ 15 സെന്റ് സ്ഥലത്തിന് ഭൂനികുതി അടച്ചെതെന്നും, ഭൂനികുതി അനുവദിച്ചെങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണെന്നും
3. കുണ്ടോത്ത് ദേശത്ത് റിസ. 17/9-ൽ 2018-19 വർഷം ഭൂനികുതി അടച്ചവരുടെ പേരും വിസ്തീർണ്ണവും

മേൽപ്പടി അപേക്ഷയിന്മേൽ 01/06/2019-ന് എതിർകക്ഷി മറുപടിയും നൽകിയിട്ടുണ്ട്.

4. എതിർകക്ഷി 03/03/2020 കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 02.05.2019-ന് പട്ടാന്നൂർ വില്ലേജ് ഓഫീസിൽ ഒരു അപേക്ഷ നൽകിയിട്ടുള്ളതും ആയതിന് അന്നത്തെ എസ്.പി.ഐ.ഒ 01/06/2019-ന് മറുപടി നൽകിയിട്ടുള്ളതായും വില്ലേജ് ഓഫീസ് രേഖകൾ പരിശോധിച്ചതിൽ നിന്ന് മനസ്സിലാകുന്നുവെന്നും അപേക്ഷയുടെയും നൽകിയ മറുപടിയുടെയും പകർപ്പും ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും, അപേക്ഷകൻ ഉന്നയിച്ചിട്ടുള്ള ചോദ്യങ്ങൾ സംബന്ധിച്ച് വില്ലേജ് ഓഫീസിൽ നിലവിൽ ലഭ്യമായ വിവരങ്ങൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് അപേക്ഷകന് അയച്ചുകൊടുത്തിട്ടിണ്ടുന്നെന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷിക്ളെയും നേരിൽ കേട്ടതിലും, എതിർകക്ഷി 01.06.2019-ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും പോസ്റ്റൽ സീലിൽ 02.07.2019 തീയതിയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും, ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിരുന്നതായി കാണുന്നില്ല എന്നും കമ്മീഷന് ബോധ്യമാകുന്നു. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിട്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 ഒക്ടോബർ 29-ാം തീയതി** കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV